I/108057/2024

**Kudumbashree**
**State Poverty Eradication Mission**
**Local Self Govt. Department**
**Govt. of Kerala**

**No.673/E1/2024/KSHO** തിയതി:23-02-2024

## സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) പ്രോഗ്രാം ഓഫീസർ / ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലേയ്ക്കുള്ള ഡെപ്യൂട്ടേഷൻ നിയമനങ്ങൾ

### വിജ്ഞാപനം

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ)യിലെ വിവിധ ജില്ലാ മിഷനുകളിൽ ഒഴിവുള്ള പ്രോഗ്രാം ഓഫീസർ, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികകളിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിനായി യോഗ്യരായ സംസ്ഥാന സർക്കാർ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

യോഗ്യതയുള്ള ജീവനക്കാർ ചട്ടപ്രകാരം അവരുടെ മാതൃവകുപ്പിൽ നിന്നുള്ള എൻ.ഒ.സി സഹിതം അപേക്ഷിക്കേണ്ടതാണ്. ജീവനക്കാർ പ്രൊഫോർമ പൂരിപ്പിച്ച് നൽകുമ്പോൾ നിർബന്ധമായും ഫോൺ നമ്പരും ഇ-മെയിൽ ഐ.ഡി.യും ഉൾക്കൊള്ളിക്കേണ്ടതാണ്. അഭിമുഖത്തിന് ഹാജരാവുമ്പോൾ നിർബന്ധമായും നിരാക്ഷേപപത്രം ലഭ്യമാക്കേണ്ടതാണ്.

**1. പ്രോഗ്രാം ഓഫീസർ**

ഒഴിവുകളുടെ എണ്ണം : 2 (സംസ്ഥാന മിഷൻ)

ശമ്പള സ്കെയിൽ : 59300-120900 (അംഗീകൃത ശമ്പള സ്കെയിലിന് താഴെയുള്ള ജീവനക്കാർ അപേക്ഷിക്കേണ്ടതില്ല).

**യോഗ്യത :**

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബിരുദം ഉള്ളവരായിരിക്കണം. ബിരുദാനന്തര ബിരുദം നേടിയവർക്ക് മുൻഗണന.
- സംസ്ഥാന സർക്കാർ സർവ്വീസിൽ ചുരുങ്ങിയത് 7-10 വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടാകണം. നിലവിൽ സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിക്കുന്നവരായിരിക്കണം.
- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം. ഇംഗ്ലീഷിൽ അവതരണം നടത്താനും, മികച്ച ഡ്രാഫ്റ്റിംഗ് നടത്താനുമുള്ള സ്കിൽ ഉണ്ടായിരിക്കണം.
- അപേക്ഷകർ 31/01/2024 ന് 50 വയസ്സിന് താഴെയുള്ളവരായിരിക്കണം.

**2. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ**

I/108057/2024

പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം : 4
(കോട്ടയം, പാലക്കാട്, കണ്ണൂർ, ആലപ്പുഴ)

ശമ്പള സ്കെയിൽ : 59300-120900 (അംഗീകൃത ശമ്പള സ്കെയിലിന് താഴെയുള്ള ജീവനക്കാർ അപേക്ഷിക്കേണ്ടതില്ല).

**യോഗ്യത :**

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബിരുദം ഉള്ളവരായിരിക്കണം. ബിരുദാനന്തര ബിരുദം നേടിയവർക്ക് മുൻഗണന.
- സംസ്ഥാന സർക്കാർ സർവ്വീസിൽ ചുരുങ്ങിയത് 10 വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടാകണം. നിലവിൽ സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിക്കുന്നവരായിരിക്കണം.
- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം. ഇംഗ്ലീഷിൽ അവതരണം നടത്താനും, മികച്ച ഡ്രാഫ്റ്റിംഗ് നടത്താനുമുള്ള സ്കിൽ ഉണ്ടായിരിക്കണം.
- അപേക്ഷകർ 31/01/2024 ന് 50 വയസ്സിന് താഴെയുള്ളവരായിരിക്കണം.

**3. അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ**

പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം : ആകെ - 26

ജില്ലതിരിച്ചുള്ള അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ജില്ല | അസി. ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ തസ്തികകളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 2 |
| 2. | പത്തനംതിട്ട | 1 |
| 3. | ആലപ്പുഴ | 2 |
| 4. | കോട്ടയം | 2 |
| 5. | ഇടുക്കി | 2 |
| 6. | പാലക്കാട് | 4 |
| 7. | മലപ്പുറം | 3 |
| 8. | കോഴിക്കോട് | 4 |
| 9. | വയനാട് | 1 |
| 10. | കണ്ണൂർ | 3 |
| 11. | കാസർഗോഡ് | 2 |
| **ആകെ** | | **26** |

ശമ്പള സ്കെയിൽ : 37400-79000 (അംഗീകൃത ശമ്പള സ്കെയിലിന് താഴെയുള്ള ജീവനക്കാർ

അപേക്ഷിക്കേണ്ടതില്ല).

**<u>യോഗ്യത :</u>**

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബിരുദം ഉള്ളവരായിരിക്കണം. ബിരുദാനന്തര ബിരുദം നേടിയവർക്ക് മുൻഗണന.
- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉൺൺണ്ടായിരിക്കണം.
- സംസ്ഥാന സർക്കാർ  സർവ്വീസിൽ 5 വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടാകണം. നിലവിൽ സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിക്കുന്നവരായിരിക്കണം.
- അപേക്ഷകർ 31/01/2024 ന് 50 വയസ്സിന് താഴെയുള്ളവരായിരിക്കണം.

## 4. ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ്

പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം : ആകെ 16

| ക്രമ നം. | സംസ്ഥാന മിഷൻ / ജില്ലാ മിഷൻ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 1 |
| 2. | പത്തനംതിട്ട | 1 |
| 3. | കോട്ടയം | 2 |
| 4. | ഇടുക്കി | 3 |
| 5. | തൃശൂർ | 2 |
| 6. | കോഴിക്കോട് | 2 |
| 7. | കണ്ണൂർ | 2 |
| 8. | കാസറഗോഡ് | 3 |
| | **ആകെ** | **16** |

ശമ്പള സ്കെയിൽ : 26500-60700 (അംഗീകൃത ശമ്പള സ്കെയിലിന് താഴെയുള്ള ജീവനക്കാർ അപേക്ഷിക്കേണ്ടതില്ല).

**<u>യോഗ്യത</u>**

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം.
- മൈക്രോസോഫ്റ്റ് വേഡ്, എക്സൽ, പവ്വർപോയിൻറ് തുടങ്ങിയവയിൽ പരിജ്ഞാനം ഉണ്ടായിരിക്കണം. ഇംഗ്ലീഷ് / മലയാളം ടൈപ്പ് ചെയ്യുന്നതിന് അറിവുണ്ടാകണം.
- ക്ലറിക്കൽ ജോലിയിൽ 2 വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടാകണം.
- അപേക്ഷകർ 31/01/2024 ന് 50 വയസ്സിന് താഴെയുള്ളവരായിരിക്കണം.

**<u>അപേക്ഷകൾ അയയ്ക്കേണ്ട വിലാസം :</u>** എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, ട്രിഡ ബിൽഡിംഗ്, ചാലക്കുഴി ലെയിൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം-695011. ഇ-മെയിൽ :- kudumbashree1@gmail.com

I/108057/2024

**<u>അപേക്ഷ ലഭിക്കേണ്ട അവസാന തീയതി</u>** : 07/03/2024 വൈകുന്നേരം 5.00 മണി.

EXECUTIVE DIRECTOR

കുടുംബശ്രീ

**TRIDA Building, Medical College PO, Thiruvananthapuram 695011**
**T.0471 2554 714, 2554 715, 2554 716, 2554 717**
**info@kudumbashree.org  www.kudumbashree.org**